**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 149** — **05-07-2022 - ൽ മറുപടിയ്ക്ക്**

**കൃഷിയിടാസൂത്രണാധിഷ്ഠിത ഉല്പാദന പരിപാടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. എ. രാജ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കാർഷിക മേഖലയുടെ സമ്പൂർണ്ണ വികസനത്തിനും കാർഷിക വൃത്തി പ്രോത്സാഹിപ്പിക്കുന്നതിനുമായി കൃഷിയിടാസൂത്രണാധിഷ്ഠിത ഉല്പാദന പരിപാടികൾ നടപ്പാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് ഇതുവരെ തുടർന്ന് വന്നിരുന്ന കാർഷിക ആസൂത്രണം മുഖ്യമായും വിള അധിഷ്ഠിതമായിരുന്നു. അതായത് വിവിധ വിളകളെ കേന്ദ്രീകരിച്ച് ഉല്പാദന ആസൂത്രണ പ്രവർത്തനങ്ങളാണ് ജനകീയാസൂത്രണ കാർഷിക വികസന പദ്ധതികളിലും സംസ്ഥാനാവിഷ്കൃത പദ്ധതികളിലും തുടർന്ന് പോകുന്നത്. കേരളത്തിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഇത്തരത്തിലുള്ള ആസൂത്രണത്തേക്കാൾ ഒരു കർഷകന്റെ കൈവശമുള്ള കൃഷിയിടത്തിൽ നിന്നും സാധ്യമായ എല്ലാവിധത്തിലും ഉല്പാദനം വർദ്ധിപ്പിച്ച് കർഷകന്റെ വരുമാനം വർദ്ധിപ്പിക്കുകയും, കൃഷി ഒരു നല്ല ആദായം നൽകുന്ന ജീവിതമാർഗ്ഗമാക്കുകയും ചെയ്യുക എന്നതാണ് ഏറ്റവും കരണീയമായിട്ടുള്ളത്.<br><br>ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്താൽ ഏറ്റവും കൂടുതൽ കാർഷിക ഉത്പാദന ശേഷി കൂടുതലുള്ളത് കേരള സംസ്ഥാനത്തിനാണ് എന്നാണ് പഠനങ്ങൾ സൂചിപ്പിച്ചിട്ടുള്ളത്. എന്നാൽ കാർഷികാനുബന്ധ പ്രവർത്തനങ്ങൾ കൂടി കണക്കിലെടുക്കുമ്പോൾ ഇക്കാര്യത്തിൽ മറ്റ് സംസ്ഥാനങ്ങൾ മുന്നിലേയ്ക്ക് പോകുന്നതായി കാണാം. ഈ വസ്തുത കണക്കിലെടുത്താണ് ഒരു കൃഷി ഇടത്തിലെ സാധ്യമായ എല്ലാ ഉൽപ്പാദന ഘടകങ്ങളേയും സമന്വയിപ്പിച്ച് ഒരു കൃഷിയിട ആസൂത്രണം എന്ന സമീപനം സർക്കാർ സ്വീകരിക്കുവാൻ തീരുമാനിച്ചത്. കൃഷിയിടാസൂത്രണാധിഷ്ഠിത ഉല്പാദന പരിപാടിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കൃഷിയിടാസൂത്രണാധിഷ്ഠിത ഉല്പാദന പരിപാടികളിൽ ഉല്പാദന പൂർവ്വ പ്രവർത്തനങ്ങൾ കൂടി | (ബി) | ഉൽപ്പാദന പൂർവ്വ പ്രവർത്തനങ്ങളും ഫാം പ്ലാൻ സമീപനത്തിന്റെ ഭാഗമായി ഏറ്റെടുക്കുന്നതാണ്. |

| | | | |
|---|---|---|---|
| | ഏറ്റെടുക്കുന്ന തരത്തിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | | വിദഗ്ദരുടെ സഹായത്തോടെ കൃഷിയിട സന്ദർശനം നടത്തി ആസൂത്രണ രേഖകൾ തയ്യാറാക്കൽ, ഭൂമി എങ്ങനെ ഒരുക്കി കൃഷി യോഗ്യവും ഉൽപ്പാദന സജ്ജവുമാക്കാം എന്നതിനെ സംബന്ധിച്ച മുൻ-പിൻ ബന്ധങ്ങൾ ഉറപ്പാക്കൽ, ഉൽപ്പാദന പ്രക്രിയയ്ക്ക് ആവശ്യമായ ഗുണമേന്മ ഉറപ്പാക്കിയ ഉപാധികൾ എത്തിക്കൽ, കൃത്യമായ ഇടവേളകളിലെ മോണിറ്ററിംഗ് എന്നിവയൊക്കെ ഉൽപ്പാദന പൂർവ്വ പിന്തുണ പ്രവർത്തനങ്ങളായി ഈ സമീപനത്തിൽ ഏറ്റെടുക്കുന്നതാണ്.<br><br>വിള ഇറക്കേണ്ടതിന്റെ സമയക്രമം, അളവ്, പരിപാലന മുറകൾ, വിപണി ഉറപ്പാക്കൽ, ആവശ്യമായ വിജ്ഞാനവും നൈപുണ്യവും നൽകൽ എന്നിവയും ഇതിൽ ഉദ്ദേശിക്കുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ജനകീയാസൂത്രണ പദ്ധതികളും, കൂടാതെ കേരള കാർഷിക സർവ്വകലാശാലകളുടെയും, ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെയും സജീവ പങ്കാളിത്തം 14-ാം പഞ്ചവത്സര കാലയളവിൽ പുതുതായി നടപ്പിലാക്കുവാൻ ആസൂത്രണം ചെയ്തിരിക്കുന്ന ഈ പുതിയ പദ്ധതിയിൽ ഉണ്ടായിരിക്കുന്നതാണ്. |
| (സി) | കൃഷി ഭവനുകൾക്ക് പുറമെ മറ്റ് ഏതെങ്കിലും സ്ഥാപനത്തെ കൂടി ഈ പരിപാടിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഏകോപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | കൃഷി ഭവനുകൾ വഴിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. അതിനാൽ തന്നെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു. ഇത്തരം കൃഷിയിടാധിഷ്ഠിത ആസൂത്രണം നടത്തുമ്പോൾ തദ്ദേശീയമായതും ഏറ്റവും യോജിച്ചതുമായ പദ്ധതികൾ നടപ്പിലാക്കുന്നതിന് സാധിക്കും. അതിനാൽ ജനകീയാസൂത്രണം അതിന്റെ യഥാർത്ഥ അർത്ഥത്തിൽ നിർവ്വഹിക്കുന്നതിനും സാധിക്കും. ഗുണഭോക്താക്കൾക്ക് ആവശ്യമായ സേവനങ്ങൾ ലഭ്യമാക്കുകയാണ് ഇതുവഴി ചെയ്യുന്നത്. അതുകൊണ്ട് അത്തരം സേവനങ്ങൾ നൽകുന്ന കാർഷിക കർമ്മസേനകൾ, കൃഷി ശ്രീ അഗ്രോ സർവ്വീസ് സെന്ററുകൾ, പ്രാഥമിക സഹകരണ സംഘങ്ങൾ, സേവനവും വിപണനവും ഏറ്റെടുത്തിരിക്കുന്ന രജിസ്റ്റേഡ് കൃഷിയിടങ്ങൾ, പച്ചക്കറി-എ ഗ്രേഡ് ക്ലസ്റ്ററുകൾ, ഇക്കോ ഷോപ്പുകൾ എന്നിവയും ഈ പദ്ധതി വഴി സംയോജിപ്പിക്കപ്പെടുന്നുണ്ട്. കാര്യക്ഷമമായി എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതിയെ കാർഷിക മേഖലയുമായി സംയോജിപ്പിക്കുന്നതിനും ഇത്തരം കൃഷിയിടാധിഷ്ഠിത ആസൂത്രണം കൊണ്ട് ലക്ഷ്യമിടുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | കാർഷികാനുബന്ധ പ്രവർത്തനങ്ങളായ കന്നുകാലി വളർത്തൽ, കോഴിവളർത്തൽ, മത്സ്യ കൃഷി എന്നിവ കൂടി യഥാനുസൃതം സംയോജിപ്പിച്ച് 'സംയോജിത' കൃഷി രീതിയും മിശ്ര കൃഷി രീതിയും അവലംബിക്കുന്നതിനാണ് ഈ സമീപനത്തിൽ പ്രാധാന്യം നൽകുന്നത്. അതിനാൽ മൃഗസംരക്ഷണ വകുപ്പ്, ഫിഷറീസ് വകുപ്പ് മുതലായ വകുപ്പുകളും അവയുടെ വിവിധ പദ്ധതികളും സംയോജിക്കപ്പെടും. ആവശ്യമായ വായ്പാ സൗകര്യവും മറ്റും സഹകരണ വകുപ്പിനോടൊപ്പം പ്രവർത്തിച്ച് ലഭ്യമാക്കും.<br><br>സംസ്കരണത്തിനും മൂല്യവർദ്ധനവിനും വിപണനത്തിനും സാധ്യമായ കൃഷിയിടങ്ങളെ ശാക്തീകരിക്കുന്നതിനും കൃഷിയിടാധിഷ്ഠിത ആസൂത്രണ സമീപനത്തിൽ ലക്ഷ്യമിടുന്നുണ്ട്. അത്തരത്തിൽ വ്യവസായ വകുപ്പിനേയും അവരുടെ പദ്ധതികളെയും സംയോജിപ്പിക്കാനാവും.<br><br>കൃഷിയിടാധിഷ്ഠിത ആസൂത്രണത്തിൽ ഏറ്റെടുക്കപ്പെടുന്ന പ്രവർത്തനങ്ങൾ ആവശ്യമായ സാങ്കേതിക വിദ്യകൾ എല്ലാം തന്നെ നൽകുന്നത് കേരള കാർഷിക സർവ്വകലാശാലയാണ്. കൂടാതെ ആവശ്യമായ പരിശീലനങ്ങളും സർവ്വകലാശാല നൽകും. വസ്തുതശേഖരണം, ഫാം പ്ലാൻ തയ്യാറാക്കൽ, അവയുടെ സൂക്ഷിപ്പ്, ഭാവി കൈകാര്യങ്ങൾ എന്നിവയ്ക്കായി ഡിജിറ്റൽ സാങ്കേതിക വിദ്യകളാണ് ഉപയോഗിക്കുന്നത്. ഇതിനാവശ്യമായ പിന്തുണ നൽകുന്നത് കേരള ഡിജിറ്റൽ സർവ്വകലാശാല ആണ്.<br><br>ഇങ്ങനെ വളരെ വലിയ സംയോജന പ്രക്രിയ വിവിധ വകുപ്പുകളുമായും, അവയുടെ പദ്ധതികളുമായും വിവിധ സ്ഥാപനങ്ങളുമായും ഈ സമീപനത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## കൃഷിയിടാസൂത്രണാധിഷ്ഠിത ഉല്പാദന പരിപാടിയുടെ വിശദാംശങ്ങൾ

ഒരോ കർഷകന്റേയും കൃഷിയിടം മണ്ണ്, ജലം, മൂലധനം, മറ്റ് വിഭവ സ്രോതസ്സുകൾ, സംയോജിപ്പിക്കാവുന്ന സംരംഭങ്ങൾ, ജൈവ പുനഃചംക്രമണം (Bio- recycling) ഉൽപന്ന വൈവിദ്യവൽക്കരണവും മൂല്യവർദ്ധനവും ഉൾപ്പെടെ എല്ലാ സാധ്യമായ ഘടകങ്ങളേയും യോജിപ്പിച്ച് പരമാവധി ഉൽപ്പാദനം സാധ്യമാക്കുന്ന തരത്തിൽ ഒരു ആസൂത്രണ രേഖ സൃഷ്ടിച്ചെടുക്കുക എന്നതാണ് ആദ്യ ഘട്ടം. ഈ സാമ്പത്തിക വർഷത്തിൽ ഇത്തരം ആസൂത്രണാധിഷ്ഠിതമായ 10760 മാതൃകാ തോട്ടങ്ങൾ സംസ്ഥാനമൊട്ടാകെ സൃഷ്ടിക്കുന്നതിനാണ് ലക്ഷ്യം വയ്ക്കുന്നത്. 14-ാം പഞ്ചവത്സര പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക്, കേരളത്തിലെ എല്ലാ കർഷകർക്കും ഇത്തരത്തിൽ വ്യതിരിക്തമായ ഒരു ഫാം പ്ലാൻ ലഭിക്കും. മാത്രമല്ല ഇത്തരത്തിൽ സൂക്ഷ്മതല വസ്തുതകൾ ലഭിക്കുന്നതിനാൽ തദ്ദേശസ്വയംഭരണസ്ഥാപന തലത്തിലും സംസ്ഥാന തലത്തിലും കാർഷിക വികസനത്തിന് ആധാരമായ ഒരു ഉൽപ്പാദന പ്ലാൻ തയ്യാറാക്കുന്നതിനും സാധിക്കും. ആധുനിക ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സഹായത്താൽ അപ്പപ്പോൾ തന്നെ വസ്തുതകൾ ഫീൽഡിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്കാണ് ഈ പദ്ധതി സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്. അതായത് വിള ഉൽപ്പാദനത്തിന്റേയും വിലയുടേയും പ്രവചനം വളരെ കൃത്യമായി സാധ്യമാകും. വ്യക്തമായ മാനദണ്ഡങ്ങൾ പ്രകാരം തെരെഞ്ഞെടുക്കപ്പെടുന്ന കൃഷിയിടങ്ങളെ ബ്ലോക്കുകളിലെ കാർഷിക വിജ്ഞാന കേന്ദ്രത്തിന്റെ (Block level Agriculture knowledge Centre - BLAKC) നേതൃത്വത്തിൽ ഒരു വിദഗ്ദ സമിതി സന്ദർശിക്കുകയും അതാത് പ്രദേശത്തെ കൃഷി ഓഫീസർമാരെ ഇത്തരം ഫാം പ്ലാനുകൾ തയ്യാറാക്കാൻ സഹായിക്കുകയും ചെയ്യും. ഇത്തരത്തിൽ ശാസ്ത്രീയമായി തയ്യാറാക്കുന്ന ഫാം പ്ലാനുകൾ കർഷകരുടെ അഭിരുചിയും അനുഭവവും കൂടെ കണക്കിലെടുത്തായിരിക്കും നിർവ്വഹിക്കപ്പെടുന്നത്. അതോടൊപ്പം മാറുന്ന സാങ്കേതിക വിദ്യകൾക്ക് അനുസരിച്ചും തദ്ദേശീയ താൽപര്യങ്ങൾക്ക് അനുസരിച്ചും വിപണിയും ആവശ്യകതയും കണക്കിലെടുത്തും ആവശ്യമായ മാറ്റം കാലാനുസൃതമായി നിർവ്വഹിക്കുന്നതിനും ഉള്ള സ്വാതന്ത്ര്യവും വഴക്കവും ഇത്തരം പ്ലാനുകളിൽ ഉണ്ടായിരിക്കും. ബ്ലോക്കുതല വിജ്ഞാന കേന്ദ്രങ്ങളിൽ നടത്തപ്പെടുന്ന ശിൽപശാലകളിൽ ഇത്തരം ആസൂത്രണ രേഖകൾ വിദഗ്ദരുടെ സഹായത്തോടെ കർഷകരുടെ സാന്നിധ്യത്തിൽ പരിഷ്കരിച്ച് അന്തിമ രൂപം നൽകും. തുടർന്ന് ഇത് നിർവ്വഹണത്തിനായി അതാത് കൃഷി ഭവനുകളിലേയ്ക്ക് കൈമാറും.

സംസ്ഥാനാവിഷ്കൃത പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതികൾ മുതലായവ വളരെ സമർത്ഥമായി ഈ പ്ലാനിൽ സംയോജിപ്പിക്കും. ബാക്കി വരുന്ന ഏറ്റവും നിർണ്ണായകമായ ഘടകങ്ങൾ മുൻഗണന നിശ്ചയിച്ച ശേഷം പ്രോജക്ട് അടിസ്ഥാനത്തിൽ ഫാം പ്ലാൻ അധിഷ്ഠിത മാതൃകാത്തോട്ടങ്ങളുടെ വികസനം എന്ന പദ്ധതിയിൽ നിന്നും ലഭ്യമാകും.

ഇത്തരത്തിൽ നിർണ്ണായക ഘടകങ്ങൾ സേവനങ്ങൾ ആയി നിർവ്വഹിച്ചു നൽകുന്നതിന്, കൃഷിശ്രീ സെന്ററുകൾ, കാർഷിക കർമ്മസേനകൾ, പ്രാഥമിക സഹകരണ സംഘങ്ങൾ, സേവന മേഖലയിലെ കൃഷിക്കൂട്ടങ്ങൾ തുടങ്ങിയ അംഗീകൃത ഏജൻസികളെ നിയോഗിക്കുന്നതാണ്. ഇവർ പ്രസ്തുത സേവനം - ഉൽപ്പാദനോപാദികൾ ഉൾപ്പെടെ - നിർവ്വഹിച്ചു നൽകണം അഥവാ തുടർ പരിപാലനവും നടത്തണം. ആയതിന് ആവശ്യമായ ധനസഹായം പണമായോ വസ്തുക്കളായോ

കർഷകർക്ക് നേരിട്ട് ലഭിക്കില്ല. എന്നാൽ തന്റെ കൃഷിയിടത്തിൽ ആ നിർണ്ണായക ഘടകം പ്രാവർത്തികമായിരിക്കുകയും ചെയ്യും.

കാർഷിക പ്രവർത്തനങ്ങൾ മാത്രമല്ല, വിള വൈവിദ്യവൽക്കരണം, കോഴി വളർത്തൽ, മത്സ്യകൃഷി, ഉൽപന്ന വൈവിദ്യവൽക്കരണം എന്നിങ്ങനെ ഏറ്റവും സാധ്യമായ തരത്തിൽ സംരംഭങ്ങളുടെ സംയോജനം കാര്യക്ഷമമായി നടത്തി കർഷകരുടെ വരുമാനം കാര്യക്ഷമമായി വർദ്ധിപ്പിക്കുക എന്നതാണ് ഈ സമീപനത്തിന്റെ ഊന്നൽ.